"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 2022-23 അധ്യയന വർഷത്തിൽ തിരുവനന്തപുരം ഗവണ്മെന്റ് നേഴ്സിംഗ് കോളേജിൽ എം.എസ്.സി. നേഴ്സിംഗ് കോഴ്സിന് പ്രവേശനം ലഭിക്കുകയും കോഴ്സ് പൂർത്തിയാക്കാതെ വിടുതൽ ചെയ്യുതുമായ ശ്രീമതി ശ്രീക്കുട്ടി.ജെ-യ്ക്ക് ലികിഡേറ്റഡ് ഡാമേജസ് ഇനത്തിലുള്ള നഷ്ടപരിഹാരത്തുക അടക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1585/2025/H&FWD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:- 1. സ.ഉ (എം.എസ്) നം. 154/2022/ആ.കു.വ തീയതി 21.07.2022

2. ശ്രീമതി.ശ്രീക്കുട്ടി ജെ-യുടെ 19.06.2023 ലെ അപേക്ഷ

3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 23.06.2023, 22.08.2023 തീയതികളിലെ ബി6/3657/2023/മെ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ഗവണ്മെന്റ് നേഴ്സിംഗ് കോളേജിൽ 2022-23 അധ്യയന വർഷംഎം.എസ്.സി. നേഴ്സിംഗ് കോഴ്സിന് പ്രവേശനം ലഭിച്ച ശ്രീമതി ശ്രീക്കുട്ടി ജെ എന്ന വിദ്യാർത്ഥിനിക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ പി.എസ്.സി മുഖാന്തിരം സ്ഥിരനിയമനം ലഭിച്ചതിനാൽ ലികിഡേറ്റഡ് ഡാമേജസ് തുക ഒഴിവാക്കി എം.എസ്.സി. നേഴ്സിംഗ് കോഴ്സിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീമതി ശ്രീക്കുട്ടി ജെ സമർപ്പിച്ച പരാമർശം (2) അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

**2.** പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 2022-23 അധ്യയന വർഷത്തെ എം.എസ്.സി. നേഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് നം. 16.2 (ബി) ചുവടെ ചേർക്കുന്നു.

*b) If a Post Graduate student discontinues the P.G course after closing the admission he/she shall pay Rs. 2.5 lakhs/- as Liquidated Damages and also repay the stipend already received.*

**3.** 2023-24 അധ്യയന വർഷം മുതൽ സർക്കാർ/ കേന്ദ്ര സർക്കാർ/പ്രതിരോധ സേന എന്നിവയിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ലഭിക്കുന്ന എം.എസ്.സി. നേഴ്സിംഗ് കോഴ്സ് വിദ്യാർത്ഥികൾക്ക് ലികിഡേറ്റഡ് ഡാമേജസ് തുകയായ 2.5 ലക്ഷം രൂപ അടക്കുന്നതിൽ ഇളവ് അനുവദിക്കുന്ന വ്യവസ്ഥ എം.എസ്.സി. നേഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥി വാങ്ങിയ സ്റ്റൈപെൻഡ് തിരിച്ചടക്കാൻ ബാധ്യസ്ഥനായിരിക്കും. ക്ലോസ് 16.3 (ബി) ചുവടെ ചേർക്കുന്നു.

*16.3 (b): If a Post Graduate student, who has got admission through general quota discontinues the course after the closure of admission, he/she shall pay Rs. 2,50,000/- (Rupees two lakh fifty thousand only) towards liquidated damages and repay the stipend already received. Students, who have got regular appointment to the post of a Nursing Officer or equivalent post in State/Central/Defense services are exempted from paying an amount of Rs. 2,50,000/- towards liquidated damages but are liable to repay the whole amount received towards stipend during the course of study.*

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22, 2022-23 അധ്യയന വർഷങ്ങളിൽ എം.എസ്.സി നഴ്സിംഗ് കോഴ്സിന് സർക്കാർ കോളേജുകളിൽ പ്രവേശനം ലഭിച്ചതും പിന്നീട് സംസ്ഥാന സർക്കാർ/ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നേഴ്സിംഗ് ഓഫീസർ തസ്തികയിൽ ജോലി ലഭിച്ചവരുമായ വിദ്യാർത്ഥിനികൾക്ക് ലിക്വിഡേറ്റഡ് ഡാമേജസ് തുകയായ 2.5 ലക്ഷം രൂപ അടക്കുന്നതിൽ ഇളവ് നൽകിയിട്ടുണ്ടെന്ന വസ്തുത പരിഗണിച്ച്, 2022-23 അധ്യയന വർഷത്തെ എം.എസ്.സി. നേഴ്സിംഗ് കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് നം. 16.2 (ബി) യിൽ ഇളവ് വരുത്തിക്കൊണ്ട് എം.എസ്.സി നഴ്സിംഗ് കോഴ്സ് കാലയളവിൽ സ്റ്റൈപെൻഡ് ഇനത്തിൽ വാങ്ങിയ മുഴുവൻ തുകയും തിരിച്ചടക്കണമെന്ന വ്യവസ്ഥയിൽ നിലവിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സേവനം ചെയ്തുവരുന്ന ശ്രീമതി ശ്രീക്കുട്ടി.ജെ -ക്ക് ലിക്വിഡേറ്റഡ് ഡാമേജസ് തുകയായ ₹2,50,000 ലക്ഷം രൂപ (രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപാ മാത്രം) അടക്കുന്നതിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി ശ്രീക്കുട്ടി ജെ, എടക്കാട്ട് വടക്കേതിൽ, കണ്ണിമേൽച്ചേരി, കാവനാട്.പി.ഒ
(മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 10-06-2025 15:35:04
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.